I/56733/2023

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

**പത്രക്കുറിപ്പ്**

**ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി. കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം-2023**

**രണ്ടാം ഘട്ട ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച്**

2023-24 അധ്യയന വർഷത്തെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി. കോഴ്സിലേക്കുള്ള പ്രവേശനത്തിനായി ഒന്നാം ഘട്ട സ്ട്രേ വേക്കൻസി അലോട്ട്മെന്റിന് ശേഷം ഒഴിവുള്ള സീറ്റുകളിലേയ്ക്ക് പ്രവേശനത്തിന് പരിഗണിക്കുന്നതിന് അതത് ലോ കോളേജ് **പ്രിൻസിപ്പൽമാർക്ക് 29.11.2023 വൈകുന്നേരം 4.00 മണിവരെ** യോഗ്യരായ വിദ്യാർത്ഥികളിൽ നിന്ന് അപേക്ഷകൾ സ്വീകരിക്കാവുന്നതാണ്. ഈ ഘട്ടത്തിലെ പ്രവേശനത്തിന് പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾ താത്പര്യമുള്ള പക്ഷം 27.11.2023 **മുതൽ** 29.11.2023 **വൈകുന്നേരം 4.00 മണിക്കകം** ആവശ്യമായ രേഖകൾ സഹിതം അതത് കോളേജുമായി ബന്ധപ്പെട്ട് പ്രവേശന നടപടികളിൽ പങ്കെടുക്കാവുന്നതാണ്, 29.11.2023 **വൈകുന്നേരം 4.00 മണി** വരെ ഹാജരാകുന്ന വിദ്യാർത്ഥികളെ പ്രോസ്പെക്ടസിലെ പ്രവേശന വ്യവസ്ഥകൾ പാലിച്ച് 30.11.2023 **ഉച്ചക്ക്** 12 മണിക്കകം കോളേജുകൾ പ്രവേശന നടപടികൾ പൂർത്തിയാക്കേണ്ടതാണ്. ഒന്നാം ഘട്ട ഓൺലൈൻ സ്ട്രേ വേക്കൻസി അലോട്ട്മെന്റിന് ശേഷമുള്ള ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി. കോഴ്സുകളിലെ ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും **www.cee.kerala.gov.in** എന്ന വെബ്സെറ്റിൽ ലഭ്യമാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signed by
Shabu S J
Date: 27-11-2023 15:30:44

തിരുവനന്തപുരം
27-11-2023

ജോയിന്റ് കമ്മിഷണർ (അക്കാഡമിക്)

I/56733/2023

**പ്രവേശന പരീക്ഷാ കമ്മീഷണർക്ക് വേണ്ടി**